# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1932 07.03.2017 ൽ മറുപടിയ്ക്ക്

## പോലീസ് സ്റ്റേഷനുകളിൽ സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നു എന്ന പരാതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ഹൈബി ഈഡൻ | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | പരാതികളുമായി പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ളവർ പീഡിപ്പിക്കപ്പെടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | നിർഭയമായി പോലീസ് സ്റ്റേഷനുകളിൽ എത്താനും പരാതികൾ പറയാനും എല്ലാവർക്കും കഴിയുന്ന സ്ഥിതി ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | പോലീസ് സ്റ്റേഷനിൽ നിർഭയമായി ഏതൊരാൾക്കും കടന്നുവന്ന് പരാതി നൽകുവാനും പോലീസ് നടപടികളുടെ ഭാഗമാകാനുമുള്ള സ്ഥിതി ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതിനായി പോലീസ് സ്റ്റേഷനിൽ പരാതികളും മറ്റുമായി വരുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ സേവനം ഉറപ്പാക്കുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും പബ്ലിക് റിലേഷൻസ് ഓഫീസറെ നിയമിച്ചിട്ടുള്ളതും കൂടാതെ സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ് ഡെസ്ക് എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. ഇതിനു പുറമേ പോലീസ് സ്റ്റേഷനിൽ നിർഭയമായി ചെന്ന് പരാതി നൽകുന്നതിനായി ജനമൈത്രി പോലീസ് സംവിധാനം വഴി ആവശ്യമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പരാതിക്കാരുടെ മൊബൈൽഫോൺ പിടിച്ചെടുക്കലും പോക്കറ്റിലെ പണം തട്ടലും സ്ത്രീകളെ ഫോണിൽ വിളിച്ച് അസഭ്യം പറയലും ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ പോലീസുകാരിൽ നിന്നുതന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്നതായ പരാതി പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) & (ഡി) | ഇത്തരത്തിൽ സംഭവങ്ങളോ പരാതികളോ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമനടപടികളും അച്ചടക്ക നടപടികളും സ്വീകരിക്കുന്നതാണ്. |
| (ഡി) | പോലീസുകാർക്കെതിരെ ഉണ്ടാകുന്ന ഇത്തരത്തിലുള്ള പരാതികൾ പരിശോധിക്കാനും മേൽ നടപടി സ്വീകരിക്കാനും തയ്യാറാകുമോ? | | |

സെക്ഷൻ ഓഫീസർ.